LIBRARY ARCHIVES Kerala Legislative Assembly

## പട്ടാമ്പിയിൽ അപ്ലൈഡ് സയൻസ് കോളേജ്

**117 (1187)** ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടാമ്പിയിൽ ഗ്രാമപഞ്ചായത്ത് വിട്ടുനൽകാമെന്നേറ്റ ആറ് ഏക്കർ സ്ഥലത്ത് ഐ.എച്ച്.ആർ.ഡി-യുടെ കീഴിൽ അപ്ലൈയ്ഡ് സയൻസ് കോളേജ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പുതിയ അപ്ലൈഡ് സയൻസ് കോളേജ് തുടങ്ങാൻ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനും കമ്പ്യൂട്ടർ, ഫർണ്ണിച്ചർ മറ്റ് അത്യാവശ്യ പഠനോപകരണങ്ങൾ വാങ്ങുന്നതിനുമായി വലിയൊരുതുക പ്രാരംഭഘട്ടത്തിൽത്തന്നെ ചെലവാക്കേണ്ടതായി വരും. ഐ.എച്ച്.ആർ.ഡി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതി ഇതിന് പര്യാപ്തമല്ലാത്തതിനാൽ പുതിയൊരു അപ്ലൈഡ് സയൻസ് കോളേജ് ഉടൻ ആരംഭിക്കുവാൻ നിർവ്വാഹമില്ല.

## ചെറുവത്തൂരിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം

**118 (1188)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെറുവത്തൂർ ജൂനിയർ ടെക്നിക്കൽ സ്കൂൾ കാമ്പസിലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഒരു എൻജിനീയറിംഗ് കോളേജോ, പോളിടെക്നിക്കോ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ചെറുവത്തൂർ ജൂനിയർ ടെക്നിക്കൽ സ്കൂൾ കാമ്പസിലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഒരു എഞ്ചിനീയറിംഗ് കോളേജോ പോളിടെക്നിക്കോ ആരംഭിക്കുവാനുള്ള പ്രൊപ്പോസലുകളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

## ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ സർക്കാർ കോളേജിന്റെ അടിസ്ഥാന വികസനത്തിനുള്ള നടപടി

**119 (1189)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ സർക്കാർ കോളേജിലെ നാക് അക്രഡിറ്റേഷന്റെ ഭാഗമായി അടിയന്തര അടിസ്ഥാന വികസനങ്ങൾക്കും, മെയിന്റനൻസിനുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?